## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – അവണൂർ ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 1998-99 – ഖണ്ഡിക 22 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 852/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/03/2015

പരാമർശം:-
1) അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31/01/2008-ലെ എ-976/07 നമ്പർ കത്ത്
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 07/01/2015-ലെ L.F. 5723/PT2/2014 നമ്പർ കത്ത്.

### ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 22 പ്രകാരം 24,150/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിനു സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് പരാമർശം 1 പ്രകാരം അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണ സമയത്ത് അധികച്ചെലവിന് വഴിവെച്ചെങ്കിലും അത് പാവപ്പെട്ട ഗുണഭോക്താവിന് തന്നെയാണ് നൽകിയതെന്നതിനാലും പഞ്ചായത്ത് തീരുമാനത്തിന്റെ വെളിച്ചത്തിലാണ് നൽകിയതെന്നതിനാലും അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട്ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ഖണ്ഡിക 22 പ്രകാരം തടസ്സപ്പെടുത്തിയ 24,150/-(ഇരുപത്തിനാലായിരത്തി നൂറ്റ് അമ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
സെക്രട്ടറി, അവണൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ